# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4239 — 25.06.2014-ൽ മറുപടിക്ക്

### പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് മാർഗ്ഗരേഖ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. എ.പി. അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) നിർദ്ധനരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് എത്രയാണെന്നും, ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ 90,000/- രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു. എന്നാൽ ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം യഥാക്രമം 1.50 ലക്ഷം രൂപ 1.75 ലക്ഷം രൂപ 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, 2013 സെപ്റ്റംബറിൽ മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായും കോർപ്പറേഷനുകളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) സ്ഥലം വാങ്ങുന്നതിന് ഇടനിലക്കാരായി വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട് |
| സി) സ്ഥലം വാങ്ങുന്നത് സംബന്ധിച്ച എന്തെങ്കിലും മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | സി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ 03/10/1989-ലെ സ.ഉ.(കൈ) നം. 40/89/പജപവവിവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ഭൂരഹിതരും 6500/- രൂപയിൽ താഴെ വരുമാനമുള്ളതും 55 വയസ്സിനു താഴെ പ്രായമുള്ളവരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. |

പിന്നീട് ഗുണഭോക്താക്കളുടെ വരുമാനപരിധി 22,000/- രൂപയായും തുടർന്ന് 50,000/-രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. വാടക വീട്ടിലോ മാതാപിതാക്കളോടൊത്തോ മറ്റ് ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങുന്ന കുടുംബം, ഇപ്രകാരമുള്ളവരിൽ അവിവാഹിതരായ മക്കൾ അടങ്ങുന്ന കുടുംബം, ഭാര്യാഭർത്താക്കളിൽ ഒരാൾ മരണമടയുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്ത ശേഷം അവിവാഹിതരായ മക്കളുമായി താമസിക്കുന്ന കുടുംബം, ഇപ്രകാരമുള്ള റോഡ് പുറമ്പോക്ക്, റെയിൽവേ പുറമ്പോക്ക്, തോടിന്റെയും ആറ്റിന്റെയും കരയോടുചേർന്ന പുറമ്പോക്ക് എന്നിവയിൽ താമസിക്കുന്ന കുടുംബങ്ങൾ എന്നിവർക്ക് പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷ നൽകാം.

നിലവിൽ ഗ്രാമസഭാ/വാർഡ്സഭാ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നോ, അപ്രകാരം ലിസ്റ്റ് ലഭിച്ചില്ലെങ്കിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് അപേക്ഷ ക്ഷണിച്ചോ ആണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരമുള്ള വരുമാനപരിധി സ.ഉ. (എം.എസ്.) 19/2014/പജപവവിവ നമ്പരായുള്ള 3.3.3014-ലെ ഉത്തരവ് പ്രകാരം 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ